# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *108 — 03-12-2018 -ൽ മറുപടിക്ക്

## ഭവന പുനർനിർമ്മാണ മാർഗ്ഗങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഒ. ആർ. കേളു<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. പി.വി. അൻവർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയംമൂലം പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം വഴിയുള്ള വിവര ശേഖരണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിയത്. പ്രസ്തുത വിവര ശേഖരണവും ക്രോഡീകരണവും പരിശോധനയും കമ്പ്യൂട്ടർ അധിഷ്ഠിതമായി വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി കെട്ടിടത്തിന്റെ അഥവാ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫ് അടക്കം അപ് ലോഡ് ചെയ്യുവാൻ സാധിക്കുന്ന വിധമുള്ള മൊബൈൽ ആപ്പ് വഴിയാണ് വിവര ശേഖരണം നടത്തിയത്. ഇപ്രകാരം തിട്ടപ്പെടുത്തിയ തകർന്ന വീടുകളുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ഇങ്ങനെ നിർണ്ണയിച്ച നാശനഷ്ട വിവരങ്ങൾ rebuild.lsgkerala.gov.in എന്ന വെബ് സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശ ഭരണ സെക്രട്ടറിയുടെ അംഗീകാരത്തോടെ നാശനഷ്ടം തിട്ടപ്പെടുത്തി കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് നാശനഷ്ടം |

| | | | |
|---|---|---|---|
| | | | കണക്കാക്കിയത്. ഇതിൽ 75% ത്തിലധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വിഭാഗമായാണ് പരിഗണിച്ചത്. പൂർണ്ണമായും വീട് നഷ്ടപ്പെട്ട എല്ലാ കേസുകളിലും റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഒരിക്കൽക്കൂടി പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്. |
| ബി) | വീടുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കുമായി ഭവനനിർമ്മാണ സാമഗ്രികൾ വൻതോതിൽ ആവശ്യമായി വരുന്നതിനാൽ അവയുടെ ലഭ്യത ഉറപ്പുവരുത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | ബി) സി) & ഡി) | പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു സാങ്കേതിക സ്ഥാപനം (എഞ്ചിനീയറിംഗ് കോളേജ് / പോളിടെക്നിക്ക്) ഈ ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങൾക്ക് പിന്തുണാ സംവിധാനം ഒരുക്കുന്നതിനായി കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നിലവിൽ പ്രതിസന്ധികൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന വീടുകളെല്ലാം ദുരന്ത പ്രതിരോധ ശേഷിയുള്ളവയാണെന്ന് ഉറപ്പാക്കുന്നതാണ്. ഇതിനായുള്ള രൂപകൽപ്പന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സ്ട്രക്ചറൽ എഞ്ചിനീയർമാർ ഉൾപ്പെടുന്ന സാങ്കേതികസമിതി അംഗീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയ 13 മാതൃകാ പ്ലാനുകളിൽ ഏതെങ്കിലുമൊന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സർക്കാർ അംഗീകാരം നേടിയ എംപാനൽ ഏജൻസികൾ വഴിയാവും സർക്കാർ |
| സി) | നിലവിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ നേരിടുന്നതിന് ബദൽ നിർമ്മാണ മാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | | |
| ഡി) | ചെലവ് കുറഞ്ഞതും പരിസ്ഥിതിസൗഹൃദവും ദുരന്ത പ്രതിരോധശേഷിയുള്ളതുമായ വീടുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | വഴിയുള്ള നിർമ്മാണങ്ങൾ ഏറ്റെടുക്കുക. ഇതോടൊപ്പം കേന്ദ്രസർക്കാരിന്റെ നഗരാകാര്യമന്ത്രാലയത്തിന്റെ കീഴിലുള്ള ബിൽഡിംഗ് മെറ്റീരിയൽസ് ടെക്നോളജി പ്രൊമോഷൻ സെൻറർ പ്രീ-ഫാബ്രിക്കേറ്റഡ് വീടുകളും അംഗീകൃത സ്ഥാപനങ്ങൾ വഴി ഏറ്റെടുക്കാനാണുദ്ദേശിക്കുന്നത് നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും പ്രീ-ഫാബ്രിക്കേറ്റഡ് സാമഗ്രികൾ നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കേണ്ട സാഹചര്യവും വിലയിരുത്തി ഗുണഭോക്താവിന്റെ താൽപ്പര്യപ്രകാരം യുക്തമായ സാങ്കേതികവിദ്യ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശം ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ നൽകുന്നതാണ്. സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിച്ചിരുന്ന, വീട് നഷ്ടപ്പെട്ടവർക്കും സർക്കാർ കണ്ടെത്തുന്ന ഭൂമിയിൽ വീടോ, ഫ്ളാറ്റോ വെച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്. പരിസ്ഥിതിദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെ പുനരധിവസിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനമാണ് സർക്കാർ കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം

| ജില്ല | പൂർണ്ണം | ഭാഗികം | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 257 | 4,258 | 4,515 |
| കൊല്ലം | 188 | 3,108 | 3,296 |
| പത്തനംതിട്ട | 863 | 17,009 | 17,872 |
| ആലപ്പുഴ | 1,162 | 60,561 | 61,723 |
| കോട്ടയം | 770 | 17,633 | 18,403 |
| ഇടുക്കി | 1,992 | 7,106 | 9,098 |
| എറണാകുളം | 2,923 | 86,352 | 89,275 |
| തൃശ്ശൂർ | 4,040 | 20,710 | 24,750 |
| പാലക്കാട് | 1,633 | 6,472 | 8,105 |
| മലപ്പുറം | 692 | 6,984 | 7,676 |
| കോഴിക്കോട് | 546 | 4,988 | 5,534 |
| വയനാട് | 844 | 6,970 | 7,814 |
| കണ്ണൂർ | 162 | 3,794 | 3,956 |
| കാസർഗോഡ് | 35 | 358 | 393 |
| ആകെ | 16,107 | 2,46,303 | 2,62,410 |

S.O.